**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **15-03-2022 - ൽ മറുപടിയ്ക്ക്**

**അതിർത്തിയിലെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അന്യസംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് ഭക്ഷ്യ ഉത്പന്നങ്ങളായ കോഴി, പാല്, മുട്ട, കന്നുകാലികൾ, ആട്, പന്നി എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തി വിടുന്നത്. ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റ് സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തി വിടുന്നത്. നിലവിൽ കുളമ്പ് രോഗം, ബ്രൂസല്ല രോഗം, ജോണീസ് ഡിസീസ് എന്നിവയും, ആട് വസന്ത, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങളും പടർന്നു പിടിക്കില്ല എന്നുറപ്പ വരുത്തുന്നതിനുള്ള സംവിധാനങ്ങൾ പാലക്കാട് ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് സംവിധാനം ഒഴിവാക്കി വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ വിജിലൻസ് യൂണിറ്റും, മൊബൈൽ ചെക്ക്പോസ്റ്റ് സംവിധാനവും പാലക്കാട് ജില്ലയിൽ രാത്രിയും പകലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത് കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെയും പക്ഷികളെയും മറ്റ് ഉത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നവരുടെ ഒരു വിവരശേഖരണം നടത്തി ആരൊക്കെ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നും എവിടേയ്ക്ക് കൊണ്ടു വരുന്നു എന്നുള്ളത് രേഖപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാഹനവും തിരിച്ചറിയാനും, രോഗം സ്ഥിരീകരിച്ചാൽ കരുതൽ നടപടികൾ എത്രയും പെട്ടെന്ന് തുടങ്ങുവാനും വാഹനവും, കൊണ്ടുവന്ന ഉരുപ്പടികളും ബന്ധവസാക്കുവാനും സാധിക്കുന്നു. അതുവഴി രോഗ വ്യാപനം തടയാനും കഴിയുന്നു. നാളിതു വരെയായി 45 വ്യക്തികൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ആവശ്യമില്ലാതായ വാണിജ്യനികുതി ചെക്പോസ്റ്റുകൾ മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ ജി.എസ്.ടി.വകുപ്പിന്റെ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ചെക്ക്പോസ്റ്റ് പ്രവർത്തനം വിപുലീകരിക്കുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1. എല്ലാ ചെക്ക്പോസ്റ്റുകളിലും Closed circuit Television ശൃംഖല സംവിധാനം. 2. അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന വാഹനങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം. ഇതുവഴി ചെക്ക്പോസ്റ്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. 3. പാലും പാൽ ഉത്പന്നങ്ങളും, കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവയുടെ ഗുണനിലവാര പരിശോധനയും, മായം ചേർക്കൽ തടയുന്നതിനുള്ള നടപടിയും ഉടനെ നടപ്പിൽ വരുന്നതാണ്. 4. ചെക്ക്പോസ്റ്റുകളിൽ ക്വാറന്റൈൻ സംവിധാനം, മറ്റു പരിശോധന സംവിധാനവും ഉൾപ്പെടെ വികസന പദ്ധതികൾ. 5. കേരളത്തിലെ ചന്തകൾ കേന്ദ്രീകരിച്ച് മൃഗ/പക്ഷി പരിശോധന ശക്തമാക്കുവാനും, ക്വാറന്റൈൻ സംവിധാനം വിപുലമായി നടത്തുവാനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ